The

# New Testament

of

our Lord and Saviour

# Jesus Christ

Translated from the Original Greek into Malayalam

നമ്മുടെ കൎത്താവും രക്ഷിതാവും

ആയ

യേശുക്രിസ്തുവിന്റെ

# പുതിയ നിയമം

MANGALORE
PRINTED FOR THE MADRAS AUXILIARY BIBLE SOCIETY
AT THE BASEL MISSION PRESS
MDCCCLXXXVII

THE BOOKS OF THE

# NEW TESTAMENT.

## പുതിയ നിയമത്തിലേ പുസ്തകങ്ങളുടെ ക്രമം.


| | അദ്ധ്യായങ്ങൾ. | ഭാഗം. |
|---|---|---|
| മത്തായി എഴുതിയ സുവിശേഷം | ൨൮ | ൧ — ൮൧ |
| മാർക്കൊസ് " " | ൧൬ | ൮൨ — ൧൩൧ |
| ലൂക്കൊസ് " " | ൨൪ | ൧൩൨ — ൨൧൭ |
| യോഹന്നാൻ " " | ൨൧ | ൨൧൮ — ൨൮൬ |
| അപ്പൊസ്തലരുടെ നടപ്പുകൾ | ൨൮ | ൨൮൬ — ൩൭൦ |
| റോമക്കാർ | ൧൬ | ൩൭൦ — ൪൦൨ |
| ൧. കൊരിന്ത്യക്കാർ | ൧൬ | ൪൦൨ — ൪൩൬ |
| ൨. " | ൧൩ | ൪൩൭ — ൪൫൮ |
| ഗലാത്യക്കാർ | ൬ | ൪൫൯ — ൪൭൦ |
| എഫെസ്യക്കാർ | ൬ | ൪൭൧ — ൪൮൧ |
| ഫിലിപ്പിക്കാർ | ൪ | ൪൮൨ — ൪൯൦ |
| കൊലൊസ്സെക്കാർ | ൪ | ൪൯൦ — ൪൯൭ |
| ൧. തെസ്സലൊനീക്യക്കാർ | ൫ | ൪൯൮ — ൫൦൫ |
| ൨. " | ൩ | ൫൦൬ — ൫൦൯ |
| ൧. തിമോഥെയൊസ് | ൬ | ൫൧൦ — ൫൧൮ |
| ൨. " | ൪ | ൫൧൯ — ൫൨൫ |
| തീതൊസ് | ൩ | ൫൨൫ — ൫൨൯ |
| ഫിലേമോൻ | ൧ | ൫൨൯ — ൫൩൧ |
| എബ്രായർ | ൧൩ | ൫൩൧ — ൫൫൫ |
| യാക്കോബ് | ൫ | ൫൫൬ — ൫൬൪ |
| ൧. പത്രൊസ് | ൫ | ൫൬൪ — ൫൭൩ |
| ൨. " | ൩ | ൫൭൪ — ൫൭൯ |
| ൧. യോഹന്നാൻ | ൫ | ൫൭൯ — ൫൮൮ |
| ൨. " | ൧ | ൫൮൮ — ൫൮൯ |
| ൩. " | ൧ | ൫൮൯ — ൫൯൦ |
| യൂദാ | ൧ | ൫൯൧ — ൫൯൩ |
| വെളിപ്പാട് | ൨൨ | ൫൯൩ — ൬൩൨ |

# THE GOSPEL ACCORDING TO MATTHEW.

# മത്തായി എഴുതിയ സുവിശേഷം.

## ൧. അദ്ധ്യായം.

യേശുവിന്റെ വംശാവലി, ൧൮. പരിശുദ്ധ അവതാരം.

അബ്രഹാമിന്റെ പുത്രനായ ദാവീദിൻ പുത്രനാകുന്ന
യേശു ക്രിസ്തുവിന്റെ വംശാവലിപ്പുസ്തകം.
അബ്രഹാം ഇസ്സാക്കിനെ ജനിപ്പിച്ചു; ഇസ്സാക്ക് യാക്കോ ൨
ബിനെ ജനിപ്പിച്ചു; യാക്കോബ് യഹൂദാവെയും അവന്റെ
സഹോദരരെയും ജനിപ്പിച്ചു. യഹൂദാ താമാരിൽ ഫറെസ് ൩
സാറഹ് എന്നവരെ ജനിപ്പിച്ചു; ഫറെസ് എസ്രോനെ ജനി
പ്പിച്ചു; എസ്രോൻ അരാമിനെ ജനിപ്പിച്ചു. അരാം അമ്മിന ൪
ദാബിനെ ജനിപ്പിച്ചു; അമ്മിനദാബ് നഹശോനെ ജനിപ്പി
ച്ചു; നഹശോൻ സല്മോനെ ജനിപ്പിച്ചു. സല്മോൻ രാഹാ ൫
ബിൽ ബൊവാസിനെ ജനിപ്പിച്ചു; ബൊവാസ് രൂഥിൽ ഓ
ബേദിനെ ജനിപ്പിച്ചു; ഓബേദ് യിശ്ശായിയെ ജനിപ്പിച്ചു.
യിശ്ശായി ദാവീദ് രാജാവിനെ ജനിപ്പിച്ചു. ദാവീദ് രാജാവു ൬
ഊരിയാവിൻ ഭാര്യയിൽ ശലൊമോനെ ജനിപ്പിച്ചു. ശലൊ ൭
മോൻ രഹബ്യാമെ ജനിപ്പിച്ചു; രഹബ്യാം അബിയാവെ ജനി
പ്പിച്ചു; അബിയാ ആസാവെ ജനിപ്പിച്ചു. ആസാ യോശ ൮
ഫാത്തിനെ ജനിപ്പിച്ചു; യോശഫാത്ത് യോരാമിനെ ജനിപ്പി
ച്ചു; യോരാം ഉസിയാവെ ജനിപ്പിച്ചു. ഉസിയാ യോതാമിനെ ൯
ജനിപ്പിച്ചു; യോതാം അഹാസിനെ ജനിപ്പിച്ചു; അഹാസ്
ഹെസക്കിയാവെ ജനിപ്പിച്ചു. ഹെസക്കിയാ മനശ്ശെയെ ജ ൧൦
നിപ്പിച്ചു; മനശ്ശെ ആമോനെ ജനിപ്പിച്ചു; ആമോൻ യോശി
യാവെ ജനിപ്പിച്ചു. യോശിയാ യക്കൊന്യാവെയും അവന്റെ ൧൧
സഹോദരന്മാരെയും ബാബേൽ പ്രവാസത്തിങ്കൽ ജനിപ്പിച്ചു.

അവർ കർത്താവായ യേശുവിന്റെ നാമത്തിൽ സ്നാനപ്പെട്ടി
൧൭ രുന്നതേയുള്ളു. അപ്പോൾ അവർ അവരുടെ മേൽ കൈക
ളെ വെച്ചു, അവൎക്ക പരിശുദ്ധാത്മാവു ലഭിക്കയും ചെയ്തു.
൧൮ എന്നാൽ അപ്പൊസ്തലന്മാരുടെ കൈവെപ്പു മൂലം പരിശു
ദ്ധാത്മാവു നല്കപ്പെട്ടതു ശിമോൻ കണ്ടാറെ അവൎക്ക ദ്രവ്യം
൧൯ കൊണ്ടുവന്നു: ഞാൻ ആരുടെ മേൽ എങ്കിലും കൈകളെ
വെച്ചാൽ അവനു പരിശുദ്ധാത്മാവു കിട്ടേണ്ടതിന്നു നിങ്ങൾ
൨൦ ഈ അധികാരം എനിക്കും തരേണം, എന്നു പറഞ്ഞു. എന്നാ
റെ പത്രൊസ് അവനോടു ചൊല്ലിയതു: ദൈവത്തിന്റെ
ദാനം ദ്രവ്യം കൊണ്ടു വാങ്ങിക്കൊള്ളാം, എന്നു നിരൂപിക്ക
കൊണ്ടു നിന്റെ പണം നിന്നോടു കൂടേ നശിച്ചുപോക.
൨൧ നിന്റെ ഹൃദയം ദൈവത്തിന്റെ മുമ്പാകേ നേരുള്ളതല്ലായ്ക
൨൨ കൊണ്ടു ഈ കാൎയ്യത്തിൽ നിനക്ക പങ്കും ഓഹരിയുമില്ല. ആ
കയാൽ ഈ നിന്റെ തിന്മയിൽനിന്നു മാനസാന്തരപ്പെട്ടു ദൈ
വത്തോടു പ്രാൎത്ഥിക്ക; പക്ഷേ നിന്റെ ഹൃദയത്തിലേ നിനവു
൨൩ ക്ഷമിക്കപ്പെട്ടതായിരിക്കും. എന്തെന്നാൽ നീ കൈപ്പിൻ പി
ത്തത്തിലും അനീതിയുടെ കെട്ടിലും അകപ്പെട്ടിരിക്കുന്നു, എന്നു
൨൪ ഞാൻ കാണുന്നു.[1] ശിമോൻ ഉത്തരമായിട്ടു: നിങ്ങൾ ചൊ
ല്ലിയതു ഒന്നും എനിക്ക പിണയാതിരിപ്പാൻ കൎത്താവിനോടു
൨൫ എനിക്ക വേണ്ടി പ്രാൎത്ഥിപ്പിൻ, എന്നു പറഞ്ഞു. അവരോ
കൎത്താവിന്റെ വചനത്തെ സാക്ഷിയായി അറിയിച്ചു പറ
ഞ്ഞ ശേഷം ശമൎയ്യക്കാരുടെ അനേക ഗ്രാമങ്ങളിലും സുവിശേ
ഷിച്ചു യരുശലേമിലേക്ക തിരിച്ചു വന്നു.
൨൬ പിന്നെ കൎത്താവിന്റെ ദൂതൻ ഫീലിപ്പൊസിനോടു സംസാ
രിച്ചു: നീ എഴുന്നീറ്റു, യരുശലേമിൽനിന്നു ഗാസായ്ക്ക ഇറങ്ങി
പോകുന്ന നിൎജ്ജനമായുള്ള വഴിയിലേക്ക തെക്കോട്ടു പോക,
൨൭ എന്നു പറഞ്ഞു. അവൻ എഴുന്നീറ്റു പോകയും ചെയ്തു; എ
ന്നാറെ ഇതാ, കന്ദക്ക എന്ന ഐഥിയോപ്യ രാജ്ഞിയുടെ ഒരു
അധിപതിയായി, അവളുടെ സകല ഭണ്ഡാരത്തിന്നും മേൽ
വിചാരകനായി, യരുശലേമിൽ നമസ്കരിപ്പാൻ വന്നിരുന്ന
൨൮ ഷണ്ഡനായ ഒരു ഐഥിയോപ്യൻ, തിരിച്ചുപോകയിൽ ത
ന്റെ തേരിൽ ഇരുന്നു, എശായാ പ്രവാചകനെ വായിക്ക ആ
൨൯ യിരുന്നു. അപ്പോൾ ആത്മാവു ഫീലിപ്പൊസിനോടു: നീ

[1] ആവൎത്ത. ൨൯, ൧൭. എശാ. ൫൮, ൬.



അരികേ ചെന്നു ഈ തേരിനോടു ചേൎന്നുകൊൾക, എന്നു പ
റഞ്ഞു. ഫീലിപ്പൊസ് ഓടിച്ചെല്ലുമ്പോൾ എശായാ പ്രവാ ൩൦
ചകനെ വായിക്കുന്നതു കേട്ടു: വായിക്കുന്നവ തിരിച്ചറിയുന്നു
വോ? എന്നു ചോദിച്ചു. ഒരുത്തൻ വഴികാട്ടിത്തരാഞ്ഞാൽ ൩൧
അതു എനിക്ക എങ്ങിനേ കഴിയും? എന്നു അവൻ ചൊല്ലി,
ഫീലിപ്പൊസ് കയറി വന്നു തന്നോടു കൂടേ ഇരിക്കേണം,
എന്നു അപേക്ഷിച്ചു. അവൻ വായിച്ച തിരുവെഴുത്തു ആ ൩൨
വിതു: അവൻ ഒർ ആടുപോലേ അറുക്കപ്പെടേണ്ടതിന്നു കൊ
ണ്ടുപോകപ്പെട്ടു, രോമം കത്രിക്കുന്നവന്റെ മുമ്പാകേ മിണ്ടാ
ത്ത കുഞ്ഞാടുപോലേ അവൻ തന്റെ വായി തുറക്കാതേ ഇരു
ന്നു.[1] അവന്റെ താഴ്മയിൽ അവന്റെ ന്യായവിധി എടുക്ക ൩൩
പ്പെട്ടു, അവന്റെ തലമുറയെ ആർ വിവരിക്കും? ഭൂമിയിൽനി
ന്നു അവന്റെ ജീവൻ എടുക്കപ്പെടുന്നുവല്ലോ. ഇതു പ്രവാ ൩൪
ചകൻ ആരെ കുറിച്ചു പറയുന്നു? തന്നെ കുറിച്ചോ മറ്റൊരു
ത്തനെ കുറിച്ചോ?. എന്നു ഞാൻ നിന്നോടു യാചിക്കുന്നു, എന്നു
ഷണ്ഡൻ ഫീലിപ്പൊസിനോടു പറഞ്ഞു. എന്നാറെ ഫീലി ൩൫
പ്പൊസ് തന്റെ വായി തുറന്നു, ഈ തിരുവെഴുത്തിൽനിന്നു
തുടങ്ങി അവനോടു യേശുവിനെ സുവിശേഷിച്ചു. അവർ ൩൬
ഇങ്ങിനേ വഴിപോകുമ്പോൾ വെള്ളമുള്ള ഒർ ഇടത്തു എത്തി;
അപ്പോൾ ഷണ്ഡൻ: ഇതാ വെള്ളം, ഞാൻ സ്നാനപ്പെടുന്ന
തിന്നു എന്തു തടങ്ങലുള്ളു? എന്നു പറയുന്നു. ഫീലിപ്പൊസ് ൩൭
പറഞ്ഞു: നീ പൂൎണ്ണഹൃദയത്തോടേ വിശ്വസിക്കുന്നു എങ്കിൽ
ന്യായം തന്നേ. അവൻ ഉത്തരമായിട്ടു: യേശുക്രിസ്തു ദൈവ
പുത്രൻ ആകുന്നു എന്നു ഞാൻ വിശ്വസിക്കുന്നു, എന്നു പറ
ഞ്ഞു. ഉടനേ തേർ നിൎത്തുവാൻ കല്പിച്ചു; ഫീലിപ്പൊസും ൩൮
ഷണ്ഡനും ഇരുവരും വെള്ളത്തിൽ ഇറങ്ങി, അവൻ അവനെ
സ്നാനപ്പെടുത്തി. അവർ വെള്ളത്തിൽനിന്നു കരേറിയപ്പോൾ ൩൯
കൎത്താവിന്റെ ആത്മാവു ഫീലിപ്പൊസിനെ എടുത്തുകൊണ്ടു
പോയി; ഷണ്ഡൻ അവനെ പിന്നേ കണ്ടതുമില്ല; അവൻ
സന്തോഷിച്ചുകൊണ്ടു തന്റെ വഴിയേ പോകയും ചെയ്തു.
എന്നാറെ ഫീലിപ്പൊസ് അസോതിൽ കണ്ടെത്തപ്പെട്ടു; പി ൪൦
ന്നേ അവൻ സഞ്ചരിച്ചു കൈസൎയ്യയിൽ എത്തുവോളം എല്ലാ
പട്ടണങ്ങളിലും സുവിശേഷിച്ചുകൊണ്ടിരുന്നു.

[1] എശാ. ൫൩, ൭.

ന്റെ ദൈവം നിങ്ങളുടെ മുട്ടിനെ ഒക്കെയും മഹത്വത്തിൽ
തന്റെ ധനത്തിൻപ്രകാരം ക്രിസ്തുയേശുവിൽ തീൎത്തുതരും.
൨൦ നമ്മുടെ ദൈവവും പിതാവുമായവന്ന എന്നെന്നേക്കും മഹ
ത്വം ഉണ്ടാകട്ടേ. ആമെൻ.
൨൧ ക്രിസ്തുയേശുവിൽ എല്ലാ വിശുദ്ധനെയും വന്ദനം ചെ
യ്വിൻ. എന്നോടു കൂടേയുള്ള സഹോദരന്മാർ നിങ്ങളെ വന്ദനം
൨൨ ചെയ്യുന്നു. വിശുദ്ധർ എല്ലാവരും വിശേഷാൽ കൈസരുടെ
൨൩ ഭവനത്തിലുള്ളവരും നിങ്ങളെ വന്ദനം ചെയ്യുന്നു. നമ്മുടെ
കൎത്താവായ യേശുക്രിസ്തുവിന്റെ കൃപ നിങ്ങളെല്ലാവരോടും
കൂടേ ഉണ്ടാവൂതാക. ആമെൻ.

— — — —

THE EPISTLE OF PAUL THE APOSTLE TO THE

# COLOSSIANS.

അപ്പൊസ്തലനായ പൌലൊസ്

# കൊലൊസ്സെക്കാൎക്ക എഴുതിയ ലേഖനം.

## ൧. അദ്ധ്യായം.

ഉള്ള വിശ്വാസത്തിന്നായി സ്തോത്രം. ൯. തികവിന്നായി പ്രാൎത്ഥന. ൧൫. സഭാ
ശിരസ്സിൻ മാഹാത്മ്യവൎണ്ണനം. ൨൪. സഭെക്ക വേണ്ടി തന്റെ അദ്ധ്വാനം.

ദൈവേഷ്ടത്താൽ യേശുക്രിസ്തുവിന്റെ അപ്പൊസ്തല
നായ പൌലൊസും സഹോദരനായ തിമോഥെയൊസും കൊ
ലൊസ്സെയിലുള്ള വിശുദ്ധരായി ക്രിസ്തുവിൽ വിശ്വസ്ത സ
൨ ഹോദരന്മാരായവൎക്ക എഴുതുന്നതു, നമ്മുടെ പിതാവായ ദൈ
വത്തിൽനിന്നും കൎത്താവായ യേശുക്രിസ്തുവിൽനിന്നും നിങ്ങ
ൾക്ക കൃപയും സമാധാനവും ഉണ്ടാക.
൩ സുവിശേഷത്തിന്റെ സത്യവചനത്തിൽ നിങ്ങൾ മുൻ
കേട്ടതായി സ്വൎഗ്ഗത്തിൽ നിങ്ങൾക്ക വെച്ചിരിക്കുന്ന പ്രത്യാശ
൪ നിമിത്തം, ക്രിസ്തുയേശുവിൽ നിങ്ങളുടെ വിശ്വാസത്തെയും
എല്ലാ വിശുദ്ധരോടുമുള്ള സ്നേഹത്തെയും കുറിച്ച ഞങ്ങൾ
കേട്ടിട്ട നിങ്ങൾക്ക വേണ്ടി എപ്പോഴും പ്രാൎത്ഥിച്ചുകൊണ്ടു,



നമ്മുടെ കൎത്താവായ യേശുക്രിസ്തുവിന്റെ പിതാവും ദൈവ ൫
വുമായവന്ന സ്തോത്രം ചെയ്യുന്നു. ആ സുവിശേഷം ലോക ൬
ത്തിൽ ഒക്കെയും എന്ന പോലെ നിങ്ങളിലും എത്തി, നിങ്ങൾ
ദൈവകൃപയെ ഉണ്മയിൽ കേട്ടറിഞ്ഞ നാൾ മുതൽ നിങ്ങളിൽ
എന്ന പോലേ ഫലം കായിച്ചുവരുന്നു. ഇങ്ങിനേ നിങ്ങൾ ൭
ഞങ്ങളുടെ പ്രിയ കൂട്ടദാസനായ എപ്പഫ്രാസിൽനിന്ന പഠി
ച്ചിട്ടും ഉണ്ടല്ലോ; ആയവൻ നിങ്ങൾക്ക വേണ്ടി ക്രിസ്തുവി
ന്റെ വിശ്വസ്തശുശ്രൂഷക്കാരനും, ആത്മാവിൽ നിങ്ങൾ ൮
ക്കുള്ള സ്നേഹത്തെ ഞങ്ങളോട അറിയിച്ചവനും തന്നേ. അ ൯
തുകൊണ്ടു ഞങ്ങളും കേട്ട നാൾ മുതൽ നിങ്ങൾക്ക വേണ്ടി
വിടാതേ പ്രാൎത്ഥിക്കുന്നു. നിങ്ങൾ സകല പ്രസാദത്തിന്ന ൧൦
ആയി കൎത്താവിന്ന യോഗ്യമാംവണ്ണം നടന്നു, എല്ലാ ആത്മിക
മായ ജ്ഞാനത്തിലും വിവേകത്തിലും അവന്റെ ഇഷ്ടത്തിൻ
അറിവുകൊണ്ടു നിറഞ്ഞുവരേണം എന്നും, സകല സൽക്രി
യയിലും ഫലം കായിച്ച ദൈവത്തിൻ പരിജ്ഞാനത്തിൽ വള
രേണമെന്നും, സന്തോഷത്തോടേ എല്ലാ പൊറുമെക്കും ദീ ൧൧
ൎഘശാന്തിക്കുമായി അവന്റെ മഹത്വത്തിൻ വല്ലഭത്വപ്രകാ
രം എല്ലാ ശക്തിയാലും ശക്തിപ്പെട്ടവരായി, വിശുദ്ധൎക്ക ൧൨
വെളിച്ചത്തിലുള്ള അവകാശപ്പങ്കിന്നായിട്ട നമ്മെ പ്രാപ്തരാ
ക്കിയ പിതാവിന്ന സ്തോത്രം ചെയ്യുന്നവരാകേണം എന്നും അ
പേക്ഷിക്കുന്നു. ആയവൻ നമ്മെ ഇരുട്ടിൻ അധികാരത്തി ൧൩
ൽനിന്ന വിടുവിച്ചു, തന്റെ സ്നേഹത്തിൻ പുത്രന്റെ രാജ്യ
ത്തിലാക്കി വെച്ചു. ഇവങ്കൽ നമുക്ക തൻ രക്തത്താൽ പാപ ൧൪
മോചനമാകുന്ന വീണ്ടെടുപ്പുണ്ടു. അവൻ അദൃശ്യനായ ദൈ ൧൫
വത്തിന്റെ പ്രതിമയും, സൃഷ്ടിക്കൊക്കെക്കും ആദ്യജാതനും
ആകുന്നു. എന്തെന്നാൽ സൎവ്വവും അവനിൽ സൃഷ്ടിക്കപ്പെ ൧൬
ട്ടു, സ്വൎഗ്ഗങ്ങളിലുള്ളവയും ഭൂമിമേലുള്ളവയും കാണുന്നവയും
കാണാത്തവയും സിംഹാസനങ്ങൾ താൻ കൎത്തൃത്വങ്ങൾ
താൻ വാഴ്ചകൾ താൻ അധികാരങ്ങൾ താൻ സൎവ്വവും അവ
നാലും അവങ്കലേക്കും സൃഷ്ടമായി. അവൻ സൎവ്വത്തിന്നും ൧൭
മുമ്പേയുള്ളവൻ, സൎവ്വവും അവനിൽ നിലനില്ക്കുന്നു. അ ൧൮
വൻ സഭയാകുന്ന ശരീരത്തിന്റെ തലയും ആകുന്നു; സക
ലത്തിലും താൻ മുമ്പനാകേണ്ടതിന്ന അവൻ ആരംഭവും മരി
ച്ചവരിൽനിന്ന ആദ്യജാതനും ആകുന്നു. എങ്ങിനേയെന്നാൽ ൧൯

൧൬ നീ അറിവാനായിട്ടു തന്നേ. ദൈവഭക്തിയുടെ മർമ്മം സമ്മ
തമാംവണ്ണം വലിയതു ആകുന്നു; ദൈവം ജഡത്തിൽ വിളങ്ങി
യവൻ, ആത്മാവിൽ നീതീകരിക്കപ്പെട്ടവൻ, ദൂതൎക്ക കാണാ
യവൻ, ജാതികൾക്ക പ്രസംഗിക്കപ്പെട്ടവൻ, ലോകത്തിൽ
വിശ്വസിക്കപ്പെട്ടവൻ, മഹത്വത്തിലേക്ക എടുത്തുകൊള്ളപ്പെ
ട്ടവൻ എന്നുള്ളതു തന്നേ.

## ൪. അദ്ധ്യായം.

പിൻകാലത്തിൽ വിശ്വാസത്തിൽനിന്നു വീഴ്ച ഉണ്ടാകും എന്നും, ൬. തിമോഥെയൊ
സ് ഇന്നപ്രകാരം ആചരിക്കേണം എന്നും കല്പിക്കുന്നു.

പിന്നെ ആത്മാവു സ്പഷ്ടമായി പറയുന്നതു, പിൻ കാല
ങ്ങളിൽ ചിലർ തെറ്റിക്കുന്ന ആത്മാക്കളെയും പിശാചുകളുടെ
ഉപദേശങ്ങളെയും ആശ്രയിച്ചു വിശ്വാസത്തിൽനിന്നു പൊ
൨ ളിവാക്കുകാരുടെ വ്യാജത്താൽ വീണുപോകും. ഇവർ സ്വന്ത
മനസ്സാക്ഷിയിൽ ചൂടു വെച്ചു അടയാളം കുത്തപ്പെട്ടവരായി,
൩ വിവാഹം വിലക്കുകയും സത്യത്തെ ഗ്രഹിച്ചിട്ടുള്ള വിശ്വാ
സികൾ സ്തോത്രത്തോടേ അനുഭവിപ്പാൻ വേണ്ടി ദൈവം
സൃഷ്ടിച്ച ഭോജ്യങ്ങളെ വൎജ്ജിക്കേണം എന്നു കല്പിക്കയും ചെ
൪ യ്യുന്നു. എന്നാലോ ദൈവസൃഷ്ടി എല്ലാം നല്ലതു തന്നേ,
സ്തോത്രത്തോടേ കൈക്കൊള്ളുന്നു എങ്കിൽ ഒന്നും തള്ളേണ്ടതു
൫ മല്ല. ദൈവവചനത്താലും പ്രാൎത്ഥനയാലും വിശുദ്ധീകരിക്ക
൬ പ്പെടുന്നുവല്ലോ. ഇതു നീ സഹോദരന്മാരെ ഗ്രഹിപ്പിച്ചാൽ
നീ അനുസരിച്ചിട്ടുള്ള വിശ്വാസത്തിന്റെയും നല്ല ഉപദേ
ശത്തിന്റെയും വചനങ്ങളാൽ പോഷിച്ചു വളൎന്നുകൊണ്ടു യേ
൭ ശുക്രിസ്തുവിന്നു നല്ല ശുശ്രൂഷക്കാരൻ ആകും. ബാഹ്യങ്ങ
ളായ കിഴവിക്കഥകളെ ഒഴിച്ചു ദൈവഭക്തിക്ക നിന്നെത്തന്നേ
൮ അഭ്യസിപ്പിച്ചുകൊൾക. ശരീരാഭ്യാസം അല്പത്തിന്നു പ്രയോ
ജനമുള്ളതാകുന്നു, ദൈവഭക്തിയോ ഇപ്പോഴത്തെ ജീവന്റെ
യും വരുവാനിരിക്കുന്നതിന്റെയും വാഗ്ദത്തമുള്ളതാകയാൽ
൯ സകലത്തിന്നും പ്രയോജനമാകുന്നു. ഇതു എല്ലാവരും കൈ
൧൦ ക്കൊള്ളേണ്ടതും വിശ്വാസ്യവുമായ വചനം. അതിന്നായിട്ടു
തന്നേ ഞങ്ങൾ സകല മനുഷ്യൎക്കും പ്രത്യേകം വിശ്വാസി
കൾക്കും രക്ഷിതാവാകുന്ന ജീവനുള്ള ദൈവത്തിന്മേൽ ആശ
൧൧ വെച്ചു പ്രയാസപ്പെട്ടും നിന്ദ അനുഭവിച്ചും വരുന്നു. ഇവ
൧൨ റെ നീ ആജ്ഞാപിക്കയും ഉപദേശിക്കയും ചെയ്ക. ആരും



നിന്റെ ബാല്യത്തെ നിന്ദിക്കരുതു, എന്നാൽ വാക്കിലും നട
പ്പിലും സ്നേഹത്തിലും വിശ്വാസത്തിലും നിൎമ്മലതയിലും വി
ശ്വാസികൾക്ക മാതൃകയായിരിക്ക. ഞാൻ വരുവോളം വായ ൧൩
ന പ്രബോധനം ഉപദേശം ഇവററിൽ ഉത്സാഹിക്ക. മൂപ്പ ൧൪
ന്മാരുടെ കൈവെപ്പോടു കൂടേ പ്രവചനത്താൽ നിനക്ക നല്ക
പ്പെട്ട കൃപാവരത്തിൽ ഉപേക്ഷ തോന്നാതേ, നിന്റെ അഭി ൧൫
വൃദ്ധി എല്ലാവൎക്കും പ്രസിദ്ധമായി തീരേണ്ടതിന്നു ഇവ കരു
തുക, ഇവററിൽ തന്നേ ഇരുന്നു കൊൾക. നിന്നെത്തന്നേ ൧൬
യും ഉപദേശത്തെയും സൂക്ഷിച്ചു കൊൾക; ഇവററിൽ ഉറച്ചു
നില്ക്ക; അങ്ങിനേ ചെയ്താൽ നീ നിന്നെയും നിന്നെ കേൾ
ക്കുന്നവരെയും രക്ഷിക്കും.

## ൫. അദ്ധ്യായം.

വിശേഷാൽ വിധവമാരെ ആദരിച്ചു, ൪. പണിക്കാക്കേണ്ടുന്നതിനെ കുറിച്ചും,
൧൭. മൂപ്പന്മാരെയും, ൨൨. കൈവെപ്പിനെയും കുറിച്ചും, ൨൩. താന്തന്നെ നടക്കേണ്ടും
പ്രകാരം.

മൂത്തവനെ ഭത്സിക്കാതേ അപ്പനെ പോലേയും ഇളയവരെ
സഹോദരരെ പോലേയും, മൂത്ത സ്ത്രീകളെ അമ്മമാരെ പോ ൨
ലേയും, ഇളയ സ്ത്രീകളെ സകല നിൎമ്മലതയോടും സഹോദരി
കളെ പോലേയും പ്രബോധിപ്പിക്ക. സാക്ഷാൽ വിധവമാ ൩
രായുള്ള വിധവകളെ ആദരിക്ക. വല്ല വിധവെക്കും പുത്രപൌത്ര ൪
ന്മാർ ഉണ്ടെങ്കിൽ അവർ മുമ്പേ സ്വന്തഭവനത്തിൽ ഭക്തിയെ
കാണിച്ചു പിതാക്കൾക്ക പ്രത്യുപകാരം ചെയ്വാൻ പഠിക്കട്ടേ;
എന്തെന്നാൽ ഇതു നല്ലതും ദൈവത്തിൻ മുമ്പാകേ സുഗ്രാ
ഹ്യവുമാകുന്നു. സാക്ഷാൽ വിധവയായി ആരുമോരുമില്ലാ ൫
തവൾ ദൈവത്തിന്മേൽ ആശവെച്ചു രാപ്പകൽ യാചനക
ളിലും പ്രാൎത്ഥനകളിലും ഉററുപാൎക്കുന്നു. കാമുകിയായവളോ ൬
ജീവിച്ചിരിക്കയിൽ തന്നേ ചത്തവളാകുന്നു. അവർ പഴിയ ൭
ററവരായിരിക്കേണ്ടതിന്നു നീ ഇവ ആജ്ഞാപിക്ക. ഒരുവൻ ൮
തനിക്കുള്ളവൎക്കും പ്രത്യേകം ഭവനക്കാൎക്കും വേണ്ടി കരുതുന്നി
ല്ല എങ്കിൽ അവൻ വിശ്വാസത്തെ തള്ളിപ്പറഞ്ഞു, അവിശ്വാ
സിയെക്കാൾ അധമനാകുന്നു.

നല്ല പ്രവൃത്തികളെക്കൊണ്ടു ശ്രുതിപ്പെട്ടവളായി ഏകഭൎത്താ ൯
വിന്റെ ഭാൎയ്യയായിരുന്നു, അറുപതു വയസ്സിന്നു താഴേയല്ലാ
ത്ത വിധവ, മക്കളെ വളൎത്തിയവൾ എങ്കിൽ, അതിഥികളെ ൧൦

സല്ക്കരിച്ചവൾ എങ്കിൽ, വിശുദ്ധന്മാരുടെ കാൽ കഴുകിയവൾ
എങ്കിൽ, ഞെരുങ്ങപ്പെട്ടവൎക്ക മുട്ടുതീൎത്തവൾ എങ്കിൽ, സൎവ്വ
സൽക്രിയയും പിന്തുടൎന്നവൾ എങ്കിൽ, തെരിഞ്ഞെടുക്കപ്പെടട്ടേ.
൧൧ ഇളയ വിധവമാരെ ഒഴിക്ക; അവർ ക്രിസ്തുവിന്നു വിരോധമാ
യി പുളെച്ചു മദിക്കുമ്പോൾ വിവാഹം ചെയ്വാൻ ഇച്ഛിക്കും.
൧൨ ആദ്യപ്രതിജ്ഞയെ തള്ളുകയാൽ അവൎക്ക ശിക്ഷാവിധി ഉണ്ടു.
൧൩ അത്രയുമല്ല അവർ മിനക്കെടുന്നവരായി വീടുതോറും നടന്നും,
മിനക്കെടുന്നവരായി മാത്രമല്ല വായാടികളും പരകാൎയ്യങ്ങ
ളിൽ ഇടപ്പെടുന്നവരുമായി അരുതാത്തവ സംസാരിച്ചും ശീ
൧൪ ലിക്കും. ആകയാൽ ഇളയവർ വിവാഹം ചെയ്തു, പുത്രസമ്പ
ത്തുണ്ടാക, ഭവനം രക്ഷിക്ക, വിരോധിക്കു അപവാദത്തിന്നു
അവസരം ഒന്നും കൊടുക്കാതെ ഇരിക്ക, എന്നു ഞാൻ ഇച്ഛി
൧൫ ക്കുന്നു. ഇപ്പോഴേ തന്നേ ചിലർ സാത്താന്റെ പിന്നാലേ
൧൬ തിരിഞ്ഞുപോയല്ലോ. വിശ്വാസിക്കോ വിശ്വാസിനിക്കോ
വിധവമാർ ഉണ്ടെങ്കിൽ അവർ തന്നേ അവൎക്ക മുട്ടുതീൎക്കട്ടേ;
സഭയോ സാക്ഷാൽ വിധവമാരായവൎക്ക മുട്ടുതീൎക്കേണ്ടതിന്നു
ഭാരപ്പെടാതിരിക്കട്ടേ.
൧൭ നന്നായി ഭരിക്കുന്ന മൂപ്പന്മാരെ, പ്രത്യേകം വചനത്തിലും
ഉപദേശത്തിലും അദ്ധ്വാനിക്കുന്നവരെ തന്നേ, ഇരട്ടി മാന
൧൮ ത്തിന്നു പാത്രമായി എണ്ണുക. മെതിക്കുന്ന കാളയെ വായി കെട്ട
രുതു എന്നും വേലക്കാരൻ തന്റെ കൂലിക്കു യോഗ്യൻ ആകു
൧൯ ന്നു എന്നും തിരുവെഴുത്തു പറയുന്നുവല്ലോ.[1] രണ്ടു മൂന്നു സാ
ക്ഷികൾ മുഖേനയല്ലാതെ ഒരു മൂപ്പന്റെ നേരേ അന്യായം
൨൦ എടുക്കരുതു. പാപം ചെയ്യുന്നവരെ ശേഷമുള്ളവൎക്കും ഭയ
൨൧ ത്തിന്നായി എല്ലാവരുടെയും മുമ്പാകേ ശാസിക്ക. ഇവ നീ
പക്ഷമായി ഒന്നും ചെയ്യാതെ കണ്ടു മുൻവിധി കൂടാതെ പ്രമാ
ണിച്ചുകൊള്ളേണം, എന്നു ഞാൻ ദൈവത്തെയും യേശുക്രി
സ്തുവിനെയും തെരിഞ്ഞെടുക്കപ്പെട്ട ദൂതന്മാരെയും സാക്ഷിയാ
൨൨ ക്കി നിന്നോടു കല്പിക്കുന്നു. വേഗത്തിൽ കൈകളെ ഒരുവന്മേ
ലും വെക്കരുതു, അന്യന്മാരുടെ പാപങ്ങളിൽ ഓഹരിക്കാരനാ
കയുമരുതു. നിന്നെത്തന്നേ നിൎമ്മലനായി കാത്തുകൊൾക.
൨൩ ഇനിയും വെള്ളം മാത്രം കുടിക്കാതെ നിന്റെ വയറിന്റെയും
കൂടക്കൂടേയുള്ള ക്ഷീണതകളുടെയും നിമിത്തം അല്പം വീഞ്ഞും
സേവിക്ക.

[1] ആവൎത്ത. ൨൫, ൪. ലൂക്കൊസ് ൧൦, ൭.



ചില മനുഷ്യരുടെ പാപങ്ങൾ വെളിവായിരുന്നു, ന്യായവി ൨൪
ധിക്കു മുമ്പിടുന്നു; ചിലൎക്ക അവ പിൻചെല്ലുന്നു. സൽക്രി ൨൫
യകളും അപ്രകാരം തന്നേ വെളിവാകുന്നു; [വെളിവു] അല്ലാ
ത്തവയും ഒളിച്ചിരിപ്പാൻ കഴികയില്ല.

## ൬. അദ്ധ്യായം.

ദാസന്മാരെ പ്രബോധിപ്പിച്ചു, ൩. ദുരുപദേശവും ദ്രവ്യാഗ്രഹവും വൎജ്ജിച്ചു, ൧൧.
നിത്യജീവനെ തേടേണ്ടതു.

നുകത്തിൻ കീഴിൽ ദാസന്മാരായിരിക്കുന്നവർ ഒക്കെയും ദൈ
വനാമവും ഉപദേശവും ദുഷിക്കപ്പെടാതിരിപ്പാൻ തങ്ങളുടെ
ഉടയവരെ സകല മാനത്തിന്നും യോഗ്യന്മാർ എന്നെണ്ണേണ്ടു.
വിശ്വാസികളായ യജമാനന്മാരുള്ളവർ അവരെ സഹോദര ൨
ന്മാർ എന്നു വെച്ചു നിന്ദിക്കരുതു; തങ്ങളുടെ ഗുണമുള്ള സേ
വയെ അനുഭവിക്കുന്നവർ വിശ്വാസികളും പ്രിയന്മാരും ആക
കൊണ്ടു അവരെ വിശേഷാൽ സേവിക്കയത്രേ വേണ്ടതു;
ഇവ ഉപദേശിക്കയും പ്രബോധിപ്പിക്കയും ചെയ്ക.
'നമ്മുടെ കൎത്താവായ യേശുക്രിസ്തുവിന്റെ സൌഖ്യവച ൩
നങ്ങളെയും ഭക്തിക്കൊത്ത ഉപദേശത്തെയും വല്ലവനും അ
നുസരിയാതെ അന്യഥാ ഉപദേശിച്ചാൽ, അവൻ ഒന്നും ൪
തിരിച്ചറിയാതെ തൎക്കങ്ങളെയും വാഗ്വാദങ്ങളെയും പറ്റി വ്യാ
ധിതനായി ചീൎത്തിരിക്കുന്നു; അവറ്റിൽനിന്നു അസൂയ ശ
ണ്ഠ ദൂഷണങ്ങൾ ദുസ്സംശയങ്ങൾ, കെട്ടബുദ്ധികളും സ ൫
ത്യത്തെ വെടിഞ്ഞവരുമായ മനുഷ്യരുടെ വ്യൎത്ഥവാദങ്ങളും ഉത്ഭ
വിക്കുന്നു; ആയവർ ദൈവഭക്തി ആദായം എന്നു വിചാരിക്കു
ന്നു; ആയവരോടു അകന്നു നില്ക്ക. അലംഭാവത്തോടു കൂടിയ ൬
ദൈവഭക്തി വലുതായ ആദായം ആകുന്നു സത്യം. എന്തെ ൭
ന്നാൽ ഇഹലോകത്തിലേക്കു നാം ഒന്നും കൊണ്ടുവന്നിട്ടില്ല;
യാതൊന്നും കൊണ്ടുപോകുവാൻ കഴിയുന്നതുമല്ല സ്പഷ്ടം.
ഉണ്മാനും ഉടുപ്പാനും ഉണ്ടെങ്കിൽ മതി എന്നു നാം വിചാരിപ്പൂ. ൮
സമ്പന്നരാവാൻ ആഗ്രഹിക്കുന്നവർ പരീക്ഷയിലും കണി ൯
യിലും മനുഷ്യരെ സംഹാരനാശങ്ങളിൽ മുക്കിക്കളയുന്ന നിസ്സാ
രവും കേടുമുള്ള പല മോഹങ്ങളിലും വീഴുന്നു. ദ്രവ്യാഗ്രഹം ൧൦
സകല ദോഷത്തിന്നും മൂലമാകുന്നുവല്ലോ. ഇതിനെ ചിലർ
വാഞ്ഛിച്ചിട്ടു വിശ്വാസത്തെ വിട്ടുഴന്നു, ബഹു ദുഃഖങ്ങളാൽ
തങ്ങളെ തന്നേ തുളെച്ചിരിക്കുന്നു.

൧൧ നീയോ ദൈവമനുഷ്യനായുള്ളോവേ, ഇവറെറ വിട്ടോടി,
നീതി ഭക്തി വിശ്വാസം സ്നേഹം ക്ഷാന്തി സൌമ്യത എന്നി
൧൨ വറെറ പിന്തുടരുക. വിശ്വാസത്തിന്റെ നല്ല പോർ പൊ
രുക, നിത്യജീവനെ പിടിച്ചുകൊൾക, അതിന്നായി നീ വിളി
ക്കപ്പെട്ടു അനേകം സാക്ഷികളുടെ മുമ്പാകേ ആ നല്ല സ്വീ
൧൩ കാരവാക്കിനെ പറഞ്ഞുവല്ലോ. സൎവ്വത്തെയും ജീവിപ്പിക്കു
ന്ന ദൈവത്തിനും പൊന്തിയൊസ് പിലാത്തൊസിൻ മുമ്പിൽ
ആ നല്ല സ്വീകാരവാക്കിനെ സാക്ഷീകരിച്ച ക്രിസ്തുയേശു
൧൪ വിന്നും മുമ്പാകേ ഞാൻ നിന്നോടു ആജ്ഞാപിക്കുന്നതു, നീ
നിഷ്കളങ്കനും പഴിയററവനുമായി ഈ കല്പനയെ നമ്മുടെ
കൎത്താവായ യേശുവിന്റെ പ്രത്യക്ഷത വരേ കാത്തുകൊള്ളേ
൧൫ ണം. ആയതിനെ താൻ സ്വസമയങ്ങളിൽ കാണിക്കും; അ
വൻ ധന്യനായ ഏകാധിപതിയും രാജാധിരാജാവും കൎത്താധി
൧൬ കൎത്താവും, താൻ മാത്രം അമൎത്യതയുള്ളവനും അടുത്തു കൂടാത്ത
വെളിച്ചത്തിൽ വസിക്കുന്നവനും മനുഷ്യർ ആരും കാണാത്ത
വനും കാണ്മാൻ കഴിയാത്തവനും ആകുന്നു. അവന്നു ബഹു
മാനവും നിത്യബലവും ഉണ്ടാകട്ടേ. ആമെൻ.
൧൭ ഈ ലോകത്തിലേ ധനവാന്മാരോടു, അവർ ഉന്നതഭാവം
കൂടാതേയിരിപ്പാനും നിശ്ചയമില്ലാത്ത ധനത്തിലല്ല, നമുക്കു
സകലവും ധാരാളമായി അനുഭവിപ്പാൻ തരുന്ന ജീവനുള്ള
൧൮ ദൈവത്തിന്മേൽ ആശ വെപ്പാനും, നന്മ ചെയ്വാനും സൽ
ക്രിയകളിൽ സമ്പന്നരായി ദാനശീലരും ഉള്ളതിൽ ഓഹരി കൊ
൧൯ ടുക്കുന്നവരുമായി, നിത്യജീവനെ പിടിപ്പാൻ വേണ്ടി വരും
കാലത്തേക്കു തങ്ങൾക്കു നല്ല അടിസ്ഥാനത്തെ നിക്ഷേപി
ച്ചുകൊൾവാനും ആജ്ഞാപിക്ക.
൨൦ അല്ലയോ തിമോഥെയൊസേ, നിന്റെ പക്കൽ ഏല്പിച്ച
ഉപനിധിയെ കാത്തുകൊണ്ടു, ജ്ഞാനം എന്നു വ്യാജമായി പേർ
ധരിച്ചിരിക്കുന്നതിന്റെ ബാഹ്യമായ വൃഥാലാപങ്ങളെയും ത
൨൧ ൎക്കസൂത്രങ്ങളെയും ഒഴിഞ്ഞു നില്ക്ക. ആ ജ്ഞാനം ചിലർ
൨൨ സ്വീകരിച്ചു വിശ്വാസത്തിൽനിന്നു പിഴകിപ്പോയി. കൃപ
നിന്നോടു കൂടേ ഇരിപ്പൂതാക. ആമെൻ.

THE SECOND EPISTLE OF PAUL THE APOSTLE TO

# TIMOTHY.

അപ്പൊസ്തലനായ പൌലൊസ്

# തിമോഥെയൊസിന്നു എഴുതിയ രണ്ടാം ലേഖനം.

## ൧. അദ്ധ്യായം.

പൂൎവ്വസ്നേഹത്തിന്റെ ഓൎമ്മ. ൬. ദൈവവേലയിൽ, ൮. കഷ്ടപ്പെട്ടും ഉത്സാഹിക്കേണ്ടതു. ൧൫. തന്നെ വിട്ടു പിരിഞ്ഞവരെയും ഒനേസിഫൊരൊസിനെയും കുറിച്ചു.

ക്രിസ്തുയേശുവിലുള്ള ജീവന്റെ വാഗ്ദത്തപ്രകാരം ദൈവേ
ഷ്ടത്താൽ യേശുക്രിസ്തുവിന്റെ അപ്പൊസ്തലനായ പൌലൊ
സ്, പ്രിയ പുത്രനായ തിമോഥെയൊസിന്നു [എഴുതുന്നതു:] ൨
പിതാവായ ദൈവത്തിൽനിന്നും നമ്മുടെ കൎത്താവായ യേശു
ക്രിസ്തുവിൽനിന്നും കൃപയും കരുണയും സമാധാനവും ഉണ്ടാ
വൂതാക.
എന്റെ അപേക്ഷകളിൽ രാവും പകലും ഇടവിടാതേ നി ൩
ന്നെ നിനെച്ചു, നിന്റെ കണ്ണുനീരുകളെ ഓൎത്തും ഞാൻ നിന്നെ
[പിന്നേയും] കണ്ടു സന്തോഷപൂൎണ്ണനാവാൻ വാഞ്ഛിച്ചും
കൊണ്ടു, ഞാൻ പൂൎവ്വന്മാർ മുതൽ ശുദ്ധമനസ്സാക്ഷിയിൽ ഉ ൪
പാസിക്കുന്ന ദൈവത്തിനു സ്തോത്രം ചെയ്യുന്നു. നിന്നിലുള്ള ൫
നിൎവ്യാജവിശ്വാസത്തിന്റെ ഓൎമ്മയെക്കൊണ്ടു [ഞാൻ അങ്ങി
നേ ചെയ്യുന്നു.] ആയതു ആദ്യം നിന്റെ അമ്മയുടെ മാതാ
വായ ലൊയിസിലും അമ്മയായ യൂനിക്കയിലും അധിവസി
ച്ചു, നിന്നിലും ഉണ്ടു, എന്നു ഞാൻ ഉറെച്ചിരിക്കുന്നു. അതു ൬
കൊണ്ടു എന്റെ കൈവെപ്പിനാൽ നിന്നിലുള്ള ദൈവവര
ത്തെ ജ്വലിപ്പിക്കേണം എന്നു നിന്നെ ഓൎമ്മപ്പെടുത്തുന്നു.
ഭയമുള്ള ആത്മാവിനെ അല്ല, ശക്തിയും സ്നേഹവും സു ൭
ബോധവുമുള്ള ആത്മാവിനെയല്ലോ ദൈവം നമുക്കു തന്നതു.
അതുകൊണ്ടു നമ്മുടെ കൎത്താവിന്റെ സാക്ഷ്യത്തെയും ൮
അവന്റെ ബദ്ധനായ എന്നെയും കുറിച്ചു നീയും നാണി
ക്കാതേ സുവിശേഷത്തിന്നായി ദൈവശക്തിയാൽ സഹക

൰൨ ക്കേണ്ടതാകുന്നു. ദൈവത്തെ ഒരുത്തനും ഒരുനാളും കണ്ടിട്ടില്ല.
നാം തമ്മിൽ തമ്മിൽ സ്നേഹിച്ചാൽ ദൈവം നമ്മിൽ വസിക്കു
൰൩ ന്നു, അവന്റെ സ്നേഹം നമ്മിൽ തികഞ്ഞുമിരിക്കുന്നു. നാം
അവനിലും അവൻ നമ്മിലും വസിക്കുന്നു, എന്നു അവൻ
തന്റെ ആത്മാവിൽനിന്നു നമുക്കു തന്നതിനാൽ നാം അറി
൰൪ യുന്നു. പിതാവും തന്റെ പുത്രനെ ലോകരക്ഷിതാവായിട്ടു
അയച്ചിരിക്കുന്നു, എന്നു ഞങ്ങൾ കണ്ടിട്ടു സാക്ഷ്യം ചൊല്ലുന്നു.
൰൫ യേശു ദൈവപുത്രൻ, എന്നു ആരാനും സ്വീകരിച്ചാൽ ദൈ
൰൬ വം അവനിലും അവൻ ദൈവത്തിലും വസിക്കുന്നു. ഇങ്ങി
നേ ദൈവത്തിനു നമ്മോടുള്ള സ്നേഹത്തെ നാം അറിഞ്ഞും
വിശ്വസിച്ചുമിരിക്കുന്നു. ദൈവം സ്നേഹം തന്നേ ആകുന്നു;
സ്നേഹത്തിൽ വസിക്കുന്നവൻ ദൈവത്തിലും ദൈവം അവ
൰൭ നിലും വസിക്കുന്നു. വിധിദിവസത്തിൽ നമുക്കു പ്രാഗത്ഭ്യം
ഉണ്ടാവാൻ തക്കവണ്ണം ഇതിൽ സ്നേഹം നമ്മോടു തികഞ്ഞി
രിക്കുന്നു; എന്തെന്നാൽ അവൻ ഇരിക്കുന്നതു പോലേ നാമും
൰൮ ഈ ലോകത്തിൽ ഇരിക്കുന്നു. സ്നേഹത്തിൽ ഭയമില്ല, ഭയ
ത്തിനു ദണ്ഡനം ഉള്ളതിനാൽ തികഞ്ഞ സ്നേഹം ഭയത്തെ
പുറത്താക്കിക്കളയുന്നു; ഭയപ്പെടുന്നവൻ സ്നേഹത്തിൽ തിക
൰൯ ഞ്ഞവനല്ല. അവൻ മുമ്പേ നമ്മെ സ്നേഹിച്ചതുകൊ
൨൰ ണ്ടു നാം അവനെ സ്നേഹിക്കുന്നു. ഒരുവൻ: ഞാൻ ദൈവ
ത്തെ സ്നേഹിക്കുന്നു എന്നു ചൊല്ലി, തന്റെ സഹോദരനെ
പകെച്ചാൽ അവൻ കള്ളനാകുന്നു. താൻ കണ്ട സഹോദര
നെ സ്നേഹിക്കാത്തവന്നു കാണാത്ത ദൈവത്തെ എങ്ങിനേ
൨൰൧ സ്നേഹിപ്പാൻ കഴിയും? ദൈവത്തെ സ്നേഹിക്കുന്നവൻ ത
ന്റെ സഹോദരനെയും സ്നേഹിക്ക, എന്നീ കല്പന നമുക്കു
അവങ്കൽനിന്നു ഉണ്ടു.

## ൫. അദ്ധ്യായം.

വിശ്വാസത്താലേ ജയം, ൬ വിശ്വാസികൾക്കു കിട്ടിയ ദൈവസാക്ഷ്യം. ൰൪. അ
വൎക്കു പ്രാൎത്ഥനയിലും മറ്റും നിശ്ചയം വരുന്നതു.

൧ യേശു തന്നേ ക്രിസ്തു, എന്നു വിശ്വസിക്കുന്ന എല്ലാവനും
ദൈവത്തിൽനിന്നു ജനിച്ചിരിക്കുന്നു. ജനിപ്പിച്ചവനെ സ്നേ
ഹിക്കുന്ന എല്ലാവനും അവനിൽനിന്നു ജനിച്ചവനെയും സ്നേ
൨ ഹിക്കുന്നു. നാം ദൈവത്തെ സ്നേഹിച്ചു അവന്റെ കല്പന
കളെ കാക്കുമ്പോൾ ദൈവമക്കളെ നാം സ്നേഹിക്കുന്നു എന്നു



നാം അറിയുന്നു. അവന്റെ കല്പനകളെ കാക്കുന്നതല്ലോ ൩
ദൈവസ്നേഹം ആകുന്നു; അവന്റെ കല്പനകൾ ഭാരമുള്ളതു
മല്ല. എന്തെന്നാൽ ദൈവത്തിൽനിന്നു ജനിച്ചതൊക്കെയും ൪
ലോകത്തെ ജയിക്കുന്നു; ലോകത്തെ ജയിച്ച ജയമോ, നമ്മുടെ
വിശ്വാസം തന്നേ. യേശു ദൈവപുത്രൻ, എന്നു വിശ്വ ൫
സിക്കുന്നവൻ അല്ലാതേ പിന്നേ ആരാകുന്നു ലോകത്തെ ജ
യിക്കുന്നവൻ?

ജലത്താലും രക്തത്താലും വന്നവൻ ഇവൻ ആകുന്നു, യേ ൬
ശുക്രിസ്തു തന്നേ; ജലത്താൽ മാത്രമല്ല, ജലത്താലും രക്തത്താ
ലുമത്രേ. ആത്മാവു തന്നേ സത്യമാകയാൽ സാക്ഷ്യം ചൊല്ലു
ന്നതു ആത്മാവു ആകുന്നു. സാക്ഷ്യം പറയുന്നവർ മൂവർ ൭
ഉണ്ടു, ആത്മാവു, ജലം, രക്തം; ഇവർ മൂന്നും ഒന്നിലേക്കു ൮
ആകുന്നു. നാം മനുഷ്യരുടെ സാക്ഷ്യത്തെ കൈക്കൊള്ളുന്നു ൯
എങ്കിൽ ദൈവത്തിൻ സാക്ഷ്യം അധികം വലുതാകുന്നു. ഇതു
അവൻ തന്റെ പുത്രനെ കുറിച്ചു ചൊല്ലിയ ദൈവസാക്ഷ്യം
ആകുന്നുവല്ലോ. ദൈവപുത്രനിൽ വിശ്വസിക്കുന്നവന്നു ൰
സാക്ഷ്യം തന്നിൽ തന്നേ ഉണ്ടു. ദൈവത്തെ വിശ്വസിക്കാ
ത്തവൻ ദൈവം തന്റെ പുത്രനെ കുറിച്ചു ചൊല്ലിയ സാ
ക്ഷ്യത്തെ വിശ്വസിക്കായ്കയാൽ അവനെ കള്ളനാക്കുന്നു.
ആ സാക്ഷ്യമാവിതു, ദൈവം നമുക്കു നിത്യജീവൻ തന്നു എ ൰൧
ന്നും ആ ജീവൻ അവന്റെ പുത്രനിൽ ആകുന്നു എന്നും
ഉള്ളതു തന്നേ. പുത്രനുള്ളവന്നു ജീവൻ ഉണ്ടു, ദൈവപുത്രനി ൰൨
ല്ലാത്തവന്നു ജീവനില്ല. ദൈവപുത്രന്റെ നാമത്തിൽ വി ൰൩
ശ്വസിക്കുന്ന നിങ്ങൾക്കു ഞാൻ ഇവയെ എഴുതിയതു, നിങ്ങ
ൾക്കു നിത്യജീവൻ ഉണ്ടെന്നു നിങ്ങൾ അറിയേണ്ടതിന്നും
ദൈവപുത്രന്റെ നാമത്തിൽ വിശ്വസിക്കേണ്ടതിന്നും തന്നേ.

അവന്റെ ഇഷ്ടപ്രകാരം നാം എന്തെങ്കിലും യാചിച്ചാൽ ൰൪
അവൻ നമ്മെ കേൾക്കുന്നു, എന്നുള്ളതു നമുക്കു അവനോടു
ള്ള പ്രാഗത്ഭ്യം ആകുന്നു. എന്തു യാചിച്ചാലും അവൻ നമ്മെ ൰൫
കേൾക്കുന്നു എന്നറികിൽ, നാം അവനോടു യാചിച്ച യാചന
കൾ ലഭിച്ചു എന്നും അറിയുന്നു. തന്റെ സഹോദരൻ മര ൰൬
ണത്തിലേക്കല്ലാത്ത പാപം ചെയ്യുന്നതു ആരെങ്കിലും കണ്ടാൽ
യാചിക്കാം, [ദൈവം] അവന്നു ജീവനെ കൊടുക്കയുമാം, മര
ണത്തിലേക്കല്ലാത്ത പാപം ചെയ്യുന്നവൎക്കു തന്നേ. മരണ

൧൫ നായ്ക്കളും ക്ഷുദ്രക്കാരും വേശ്യാദോഷക്കാരും കലപാതകരും ബിം-
ബാരാധികളും ഭോഷ്കിനെ പ്രിയപ്പെടുകയും പ്രവൃത്തിക്കയും
൧൬ ചെയ്യുന്ന എല്ലാവനും പുറത്തു തന്നേ. യേശു എന്ന ഞാൻ
സഭകൾക്കു വേണ്ടി നിങ്ങളോടു ഇവറ്റെ സാക്ഷിപ്പെടുത്തു-
വാൻ എന്റെ ദൂതനെ അയച്ചു; ഞാൻ ദാവീദിന്റെ വേരും
൧൭ വംശവും ശുഭ്രമായ ഉദയ നക്ഷത്രവും ആകുന്നു. വരിക,
എന്നു ആത്മാവും മണവാട്ടിയും പറയുന്നു; കേൾക്കുന്നവനും:
വരിക, എന്നു പറയട്ടേ; ദാഹിക്കുന്നവൻ വരട്ടേ; ഇച്ഛിക്കുന്ന-
വൻ ജീവവെള്ളം സൌജന്യമായി വാങ്ങുകയും ചെയ്യട്ടേ.
൧൮ ഈ പുസ്തകത്തിലേ പ്രവചനത്തിൻ വാക്കുകളെ കേൾ-
ക്കുന്ന ഏവനോടും ഞാൻ സാക്ഷിപ്പെടുത്തി ചൊല്ലുന്നതാ-
വിതു: അവറ്റോടു ആരെങ്കിലും കൂട്ടിയാൽ ഈ പുസ്തകത്തിൽ
൧൯ എഴുതിയ ബാധകളെ ദൈവം അവനേൽ കൂട്ടും. ഈ പുസ്ത-
കത്തിലെ പ്രവചനത്തിൻ വാക്കുകളിൽനിന്നു ആരെങ്കിലും
കുറെച്ചാൽ ജീവപുസ്തകത്തിലും വിശുദ്ധനഗരത്തിലും ഈ
പുസ്തകത്തിൽ എഴുതിയവറ്റിലും അവന്നുള്ള അംശത്തെ
൨൦ ദൈവം എടുത്തുകളയും. ഇവറ്റെ സാക്ഷിപ്പെടുത്തുന്നവൻ
പറയുന്നു: അതേ, ഞാൻ വേഗം വരുന്നു. എന്നാൽ ആമെൻ,
കർത്താവായ യേശുവേ വരേണമേ.
൨൧ നമ്മുടെ കർത്താവാകുന്ന യേശുക്രിസ്തുവിന്റെ കൃപ നിങ്ങ-
ളെല്ലാവരോടും കൂടേ ഇരിപ്പൂതാക. ആമെൻ.